# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5725 — 02.07.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരവികസന വകുപ്പ് ചെക്ക്പോസ്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) തമിഴ്നാട്ടിൽ നിന്നും കർണാടകയിൽ നിന്നുമുള്ള വരവ് പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ചെക്ക്പോസ്റ്റുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്ന് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധന ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.<br>സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.<br>പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ / അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പരിശോധനയിൽ മോശം പാൽ കണ്ടെത്തിയാൽ കേസെടുക്കുന്നതിനുള്ള അധികാരം ക്ഷീര ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഉണ്ടോ എന്നറിയിക്കാമോ? | (ബി) | പാൽ സാമ്പിളിൽ മായം കണ്ടെത്തിയാൽ കേസെടുക്കുന്നതിനുള്ള അധികാരം നിലവിൽ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇല്ല. സാമ്പിൾ എടുക്കുന്നത് സംബന്ധിച്ച അധികാരം ലഭിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**